# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3169

13/10/2011 ൽ മറുപടിക്ക്

## എ. പി. എൽ. കാർഡുടമകളുടെ അരിവിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, സണ്ണി ജോസഫ്<br>,, എം. പി. വിൻസെന്റ്<br>,, വി. റ്റി. ബൽറാം | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) എ. പി. എൽ. കാർഡുടമകളുടെ അരി വിഹിതം ഉയർത്തുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) കാർഡുടമകളുടെ അരിവിഹിതം ഉയർത്തുന്നതിനായി നിലവിലുള്ള ധാന്യ വിഹിതത്തിന്റെ അളവിൽ വർദ്ധന വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) ഇതിന് കേന്ദ്രത്തിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലേക്ക് പ്രതിമാസം 15458 മെ.ടൺ അരിയും 5049 മെ.ടൺ ഗോതമ്പും അധിക അഡ്ഹോക് വിഹിതമായി അനുവദിക്കുകയുണ്ടായി. ഇതിൻ പ്രകാരം പരമാവധി 12 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ എന്നതിനു പകരം പരമാവധി 15 കിലോഗ്രാം (അരിയും ഗോതമ്പും ഉൾപ്പെടെ) ഇപ്പോൾ നൽകുന്നുണ്ട്. കൂടാതെ ഉയർന്ന നിരക്കിൽ എ.പി.എൽ കാർഡുകൾക്ക് സ്പെഷ്യലായി 12.70 രൂപ വില്പനവിലയുള്ള 54000 മെ.ടൺ അരിയും 9.20 രൂപ വില്പനവിലയുള്ള 27000 മെ.ടൺ ഗോതമ്പും അനുവദിക്കുകയുണ്ടായി. |
| (സി) കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന അരി ഏത് പദ്ധതിപ്രകാരമാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്? | (സി) അഡ്ഹോക് അലോട്മെന്റായി സാധാരണ എ.പി.എൽ നിരക്കിൽ അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും ആനുപാതിക വിഹിതം സബ്സിഡി നിരക്കിൽ (2/- രൂപ നിരക്കിൽ) വിതരണം ചെയ്യുന്നുണ്ട്. ഉയർന്ന നിരക്കിൽ കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്ന സ്പെഷ്യൽ അരി 12.70/- രൂപ നിരക്കിലാണ് വിതരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ.